**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3533** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഫെയർ വാല്യൂ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരിയിലെ എടച്ചേരി നോർത്ത്-കച്ചേരി ഭാഗത്തും കവിലുംപാറയിലും ഫെയർ വാല്യൂ കൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി വില്ലേജിൽ ന്യായവില കൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, കാവിലുംപാറയിൽ ഫെയർ വാല്യൂ കൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയതു പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് പറയാമോ; വിശദമാക്കാമോ? | (ബി) | കാവിലുംപാറ വില്ലേജിലെ ഏകദേശം മുഴവൻ സർവെ നമ്പറുകളിലും ന്യായവില കൂടുതലാണെന്ന പരാതിയിന്മേൽ വടകര തഹസിൽദാർ മുഖേന നടത്തിയ അന്വേഷണത്തിൽ, കാവിലുംപാറ വില്ലേജിലെ ഭൂമിയുടെ ന്യായ വില കമ്പോള വിലയേക്കാൾ കൂടുതലാണെന്നും കാവിലുംപാറ വില്ലേജിൽ റീസർവെ നടപടികൾക്ക ശേഷം കൃത്യമായ ക്ളാസ്സിഫിക്കേഷൻ നടത്തി ന്യായവില പുനർ നിർണ്ണയം നടത്തിയാൽ മാത്രമേ പ്രസ്തുത വില്ലേജിലെ ന്യായവില നിശ്ചയിച്ചതിലെ അപാകത പരിഹരിക്കുവാൻ കഴിയുകയുള്ളൂ എന്നും കണ്ടെത്തുകയുണ്ടായി. പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള തുടർനടപടി വടകര റവന്യൂ ഡിവിഷണൽ ഓഫീസിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ